അല്ലാതെ, അറിയാനും അറിയിക്കാനുമായി വിവിധ മതാനുയായികൾ പരസ്പരം അടുക്കണമെന്ന് അദ്ദേഹം നിഷ്കർഷിച്ചു. അദ്ദേഹത്തിന്റെ 'ഒരു മതം ഒരു ദൈവം' എന്ന സന്ദേശം, സാരാംശത്തിൽ ശങ്കരാചാര്യർ മുതലായ അദ്വൈത വേദാന്തികളുടേതുതന്നെയാണ്. 'സ്വേ സ്വേ കർമണ്യഭിരതഃ സംസിദ്ധിം ലഭതേ നരഃ' എന്ന ഗീതയുടെ ഉപദേശത്തിന്റെ കാലാനുസൃതമായ വ്യാഖ്യാനംതന്നെയാണത്.

അതേസമയം ഗുരുവിന്റെ 'ഒരു ജാതി' എന്ന സന്ദേശം ശങ്കരാചാര്യർ വിശ്വസിച്ചിരുന്ന വർണവ്യവസ്ഥയെ നിരാകരിക്കുന്നതാണ്. ജനാധിപത്യവ്യവസ്ഥിതിയിൽ വർണവ്യവസ്ഥ പ്രസക്തമല്ല. ആ വ്യവസ്ഥയിൽ പ്രസക്തി സർവമാനവ സമത്വത്തിനു മാത്രമേയുള്ളു. ഇന്ത്യയിലെ ജാതിവ്യവസ്ഥയെന്നപോലെ പാശ്ചാത്യരുടെ വർഗവ്യവസ്ഥയും ജനാധിപത്യവ്യവസ്ഥിതിയിൽ ത്യാജ്യമത്രേ. ജനാധിപത്യവ്യവസ്ഥിതിയിൽ സ്വീകാര്യം 'ഒരു ജാതി' എന്ന ജൈവശാസ്ത്രദർശനം, അഥവാ നാരായണദർശനം, മാത്രമാകുന്നു.

(21 സെപ്റ്റംബർ, 1983)

# 108. കാൾ മാർക്സ്

1883 മാർച്ച് 14-ാം തീയതിയാണ് കാറൽ മാർക്സ് അന്തരിച്ചത്. ഇക്കഴിഞ്ഞ മാർച്ച്മാസത്തിലായിരുന്നു അദ്ദേഹത്തിന്റെ ചരമശതാബ്ദി.

മാർക്സിന്റെ ജീവിതത്തിലെ മുഖ്യസംഭവങ്ങൾ സംക്ഷേപിക്കുക പ്രയാസമുള്ള കാര്യമല്ല. ജർമനിയിൽ, അന്ന് 'പ്രഷ്യ' എന്നറിയപ്പെട്ടിരുന്ന പ്രദേശത്ത്, 'ട്രിയർ' പട്ടണത്തിൽ, ഒരു ജൂതകുടുംബത്തിൽ, 1818 മെയ് 5-ാം തീയതി മാർക്സ് പിറന്നു. വക്കീലും, തത്വശാസ്ത്രത്തിൽ അഭിരുചിയുള്ളവനുമായിരുന്ന പിതാവ്, മാർക്സ് പിറന്ന് ആറുവർഷം കഴിഞ്ഞപ്പോൾ, സകുടുംബം ക്രിസ്തുമതത്തിന്റെ പ്രോട്ടസ്റ്റന്റ് വിഭാഗത്തിലേക്ക് പരിവർത്തനംചെയ്തു. 'ബോൺ', 'ബർലിൻ' എന്നിവിടങ്ങളിലെ സർവകലാശാലകളിൽ ചേർന്ന് മാർക്സ് ചരിത്രവും തത്വശാസ്ത്രവും പഠിച്ചു. 'ഹേഗൽ' എന്ന ദാർശനികന്റെ കൃതികൾ ഈ യുവചിന്തകനെ അത്യന്തം ആകർഷിച്ചു. 1841-ൽ 'യേന' എന്ന നഗരത്തിലെ സർവകലാശാലയിൽനിന്ന് മാർക്സ് ഡോക്ടർബിരുദം നേടി.

ഹേഗലിന്റെ കൃതികൾ അഗാധമായും വിമർശനപരമായും അധ്യയനംചെയ്തതിൽനിന്ന്, മനുഷ്യചരിത്രം ആകസ്മികമായ ഒരു പ്രതിഭാസമല്ലെന്നും, തികച്ചും ഭൗതികങ്ങളായ ചില നിയമങ്ങളെ ആസ്പദിച്ചാണു ചരിത്രത്തിന്റെ വികാസമെന്നുമുള്ള, വിപ്ലവകരമായ, ഉൾക്കാഴ്ച മാർക്സിനു കൈവന്നു. വിദ്യാർത്ഥിയായിരിക്കെത്തന്നെ മാർക്സ് ജർമനിയിലെ സമകാല രാഷ്ട്രീയ സംഭവവികാസങ്ങളിൽ തല്പരനായിരുന്നു. ഉദാരമായ ജനാധിപത്യവീക്ഷണമാണ് രാഷ്ട്രീയകാര്യങ്ങളിൽ അന്ന് അദ്ദേഹത്തിനുണ്ടായിരുന്നത്. അധ്യാപകനാകാൻ ആഗ്രഹിച്ചുവെങ്കിലും, രാഷ്ട്രീയവിശ്വാസങ്ങളുടെപേരിൽ മാർക്സിന് ആ ജോലി നിഷേധിക്കപ്പെട്ടു. അതിനാൽ, അദ്ദേഹം പത്രപ്രവർത്തനം തൊഴിലായെടുത്തു. 1842-ൽ 'കൊളോൺ' എന്ന നഗരത്തിൽ, 'റൈനിഷെ ത് സൈത്തുങ്' എന്ന പത്രത്തിന്റെ ലേഖകനും, തുടർന്ന് അതിന്റെ പത്രാധിപന്മാരിലൊരാളുമായി. പത്രപ്രവർത്തനം അദ്ദേഹത്തിന്റെ രാഷ്ട്രീയ താല്പര്യങ്ങളെ ഉദ്ദീപിപ്പിക്കുകയും, സമൂഹത്തിലെ താഴ്ന്ന വിഭാഗക്കാ

ളുടെ പ്രശ്നങ്ങൾ അദ്ദേഹത്തിൻെറ സവിശേഷശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്തു.

ബാല്യസഖിയും, ഉയർന്ന ഒരു സർക്കാരുദ്യോഗസ്ഥൻെറ മകളുമായ ജെന്നി ഫോൺ വെസ്റ്റ്ഫാലനെ 1843-ൽ മാർക്സ് വിവാഹം ചെയ്തു.

മാർക്സിൻെറ പത്രം സക്കാർ കണ്ടുകെട്ടി. അതിനാൽ അദ്ദേഹം ഭാര്യയോടൊപ്പം ഫ്രാൻസിലെ പാരീസ് പട്ടണത്തിലേക്ക പാർപ്പു മാററി. അവിടെവെച്ച് അദ്ദേഹം അന്നു പ്രസിദ്ധരായിരുന്ന പല സോഷ്യലിസ്റ്റ് ചിന്തകരുമായി പരിചയപ്പെട്ടു. ജർമൻ തത്ത്വചിന്തയും ഫ്രഞ്ച് സോഷ്യലിസ്റ്റ് ചിന്തയും ബ്രിട്ടീഷ് ധനശാസ്ത്രചിന്തയുമാണ് മാർക്സിസത്തിൻെറ അടിസ്ഥാനധാരകൾ എന്നു പറയാറുണ്ട്. തൻെറ ആജീവനാന്ത മിത്രമായ ഫ്രഡ്റിക് എംഗെൽസുമായി മാർക്സ് പരിചയപ്പെട്ടതു്, 1844—ൽ പാരീസിൽവെച്ചായിരുന്നു. ചരിത്രത്തിൻെറ ഭൗതിക (സാമ്പത്തിക)വ്യാഖ്യാനം സംബന്ധിച്ച തൻെറ മൗലികസിദ്ധാന്തത്തിനു് മാർക്സ് പൂർണരൂപം നൽകിയതു് ഇക്കാലത്താണ്. 1845—ൽ പ്രസിദ്ധപ്പെടുത്തിയ ഒരു പുസ്തകത്തിൽ, പഴയ തത്ത്വശാസ്ത്രങ്ങളിൽ നിന്നു് തൻെറ തത്ത്വശാസ്ത്രത്തിനുള്ള വ്യത്യാസം മാർക്സ് ഇങ്ങനെ എടുത്തുകാട്ടി: 'ഇന്നോളം ദാർശനികർ ലോകത്തെ പല വിധത്തിൽ വ്യാഖ്യാനിച്ചിട്ടേയുള്ളു. പക്ഷേ, ലോകത്തെ മാററിത്തീർക്കുക എന്നതാണ് മുഖ്യമായ കാര്യം.'

ബൽജിയത്തിലെ ബ്രസൽസ് നഗരത്തിൽ താമസിക്കവേ, 1847—ലാണ് മാർക്സ് ചരിത്രത്തിൻെറ സാമ്പത്തികവ്യാഖ്യാനം വിശദരൂപത്തിൽ എഴുതി അവതരിപ്പിച്ചതു്. അന്നത്തെ ഫ്രഞ്ച് സോഷ്യലിസ്റ്റുകൾ അന്വേഷിച്ചിരുന്നതു്, ധാർമികമായി ഏററവും സ്പൃഹണീയമായ സാമൂഹ്യവ്യവസ്ഥ ഏതെന്നാണ്. മാർക്സ് ആകട്ടെ, സമൂഹത്തിലെ സാമ്പത്തികശക്തികളുടെ പ്രവർത്തനഫലമായി അനിവാര്യമായിത്തന്നെ ആവിർഭവിക്കാനിരിക്കുന്ന സാമൂഹ്യവ്യവസ്ഥ ഏതെന്ന അന്വേഷണത്തിലാണ് വ്യാപൃതനായിരുന്നതു്. മുതലാളിത്തസമൂഹത്തിലെ ആന്തരവൈരുദ്ധ്യങ്ങൾ സോഷ്യലിസ്റ്റ് വ്യവസ്ഥിതിക്ക ജന്മം നൽകാതിരിക്കുകയില്ല എന്നു് മാർക്സ് സ്ഥാപിച്ചു. ഈ പുതിയ വ്യവസ്ഥിതി കഴിയുംവേഗം നടപ്പിൽ വരുത്തുന്നതിനു് തൊഴിലാളികളെ സംഘടിപ്പിക്കേണ്ടതിൻെറ ആവശ്യം അദ്ദേഹം മനസ്സിലാക്കി. തൊഴിലാളി പ്രസ്ഥാനത്തിലെ പുരോഗമനചിന്താഗതിക്കാർ അടങ്ങിയ 'ലീഗ് ഓഫ് ദി ജസ്റ്റ്' എന്ന സംഘടനയെ, 1847—ൽ മാർക്സും എംഗെൽസും ചേർന്നു് 'കമ്യൂണിസ്റ്റ് ലീഗ്' എന്ന പേരിൽ പുനസ്സംഘടിപ്പിച്ചു. 'ലോകതൊഴിലാളികളേ, സംഘടിക്കുക' എന്നതായിരുന്നു കമ്യൂണിസ്റ്റ് ലീഗിൻെറ ആവേശകരമായ മുദ്രാവാക്യം. 1848—ൽ മാർക്സും എംഗെൽസും ചേർന്നു് പ്രസിദ്ധീകരിച്ച 'കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ' ഈ ലീഗിൻെറ പ്രകടനപത്രികയായിരുന്നു. മാർക്സിസ്റ്റ് ദർശനം അതിസംക്ഷിപ്തമായും, എന്നാൽ, സമഗ്രമായും, ഈ ലഘുലേഖയിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. പില്ക്കാലത്തെ രാഷ്ട്രീയചിന്തയിലും രാഷ്ട്രീയപ്രവർത്തനത്തിലും ഈ ചെറുപുസ്തകം ലോകത്തിലെമ്പാടും ചെലുത്തിയ സ്വാധീനം വിവരണാതീതമത്രേ. കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ പ്രസിദ്ധീകരിക്കുമ്പോൾ ഫ്രാൻസിൽ ഒരു വിപ്ലവം നടക്കുകയായിരുന്നു. ഒരു രാഷ്ട്രീയശക്തിയായി സോഷ്യലിസം ആദ്യം രംഗത്തു വന്നതു് ഈ വിപ്ലവത്തിലാണ്.

1848—ൽത്തന്നെ മാർക്സ് ജർമനിയിലേക്ക തിരിച്ചുപോകുകയും, കൊളോൺ പട്ടണത്തിൽനിന്നു് 'നോയേ റൈനിഷെ ത് സൈത്തുങ്'

എന്ന പത്രം നടത്തുകയുംചെയ്തു. അക്കാലത്തെ ലോകതൊഴിലാളിവർഗത്തിന്റെ വിപ്ലവകരമായ മുഖപത്രമായിരുന്നു ഇതെന്ന് ലെനിൻ പിന്നീട് എഴുതിയിട്ടുണ്ട്. പക്ഷേ, അടുത്തയാണ്ടിൽ (1849–ൽ) മാർക്സ് ജർമനിയിൽനിന്നു നാടുകടത്തപ്പെട്ടു. പിന്നീട്, 1883–ൽ മരിക്കുംവരെ, മാർക്സ് ബ്രിട്ടനിലെ ലണ്ടൻ പട്ടണത്തിലാണു പാർത്തത്. പുസ്തകങ്ങളിൽനിന്നും, 'ന്യൂയോർക്ക് ട്രൈബ്യൂൺ' എന്ന അമേരിക്കൻ പത്രത്തിൽ പ്രസിദ്ധീകരിച്ചിരുന്ന ലേഖനങ്ങളിൽനിന്നും ലഭിച്ചിരുന്ന തുച്ഛവരുമാനമേ അദ്ദേഹത്തിന് ഉണ്ടായിരുന്നുള്ളു. തുണിമില്ലുടമയായിരുന്ന അച്ഛന് മാഞ്ചെസ്റ്റർ നഗരത്തിലുണ്ടായിരുന്ന ഒരു മില്ലിന്റെ മേൽനോട്ടം വഹിച്ചിരുന്ന എംഗെൽസാണ് ഇക്കാലത്ത് മാർക്സ് കുടുംബത്തെ പട്ടിണിയിൽനിന്ന് അകററിനിർത്തിയതു്. മാർക്സിന്റെ ഒരേയൊരു പുരുഷസന്താനമായ എഡ്ഗാറും ഏതാനും പുത്രിമാരും വേണ്ടത്ര ചികിത്സാസൗകര്യങ്ങളില്ലാതെ ചെറുപ്പത്തിൽ മരിച്ചുപോയി. വളർന്നു വിവാഹിതരായ മൂന്നു പുത്രിമാരിൽ ഇളയവരും ആത്മഹത്യ ചെയ്തു. ഈ പ്രാരബ്ധങ്ങളൊക്കെയുണ്ടായിരുന്നിട്ടും, പരസ്പര പ്രണയം നൽകിയ ആഹ്ലാദം മാർക്സ്ദമ്പതിമാരുടെ ജീവിതത്തിൽ ആദ്യന്തം നിലനിന്നു. മാർക്സ് മരിക്കുന്നതിനു പതിനഞ്ചു മാസം മുമ്പ് ജെന്നി അന്തരിച്ചു.

ദാരിദ്ര്യവും അനാരോഗ്യവും വിഗണിച്ച് മാർക്സ് ലണ്ടനിൽ തന്റെ പഠനങ്ങളിൽ മുഴുകുകയും ധാരാളം എഴുതുകയുംചെയ്തു. അദ്ദേഹത്തിന്റെ വിപ്ലവകരങ്ങളായ ചിന്തകൾ പല പുസ്തകങ്ങളിലായി ചിതറിക്കിടക്കുന്നു. ഇവ സമാഹരിച്ചു ക്രമബദ്ധമായി ആവിഷ്കരിക്കുന്നതിന് അദ്ദേഹം ചെയ്ത പരിശ്രമത്തിന്റെ പരിണതഫലമാണ് 'മൂലധനം' എന്ന വിഖ്യാത കൃതി. മാർക്സിന്റെ ജീവിതകാലത്ത് 1867–ൽ, ഇതിന്റെ ഒന്നാം വാല്യം പുറത്തുവന്നു. രണ്ടാം വാല്യം, മാർക്സിന്റെ മരണത്തിനുശേഷം 1885–ലും, മൂന്നാം വാല്യം 1894–ലും എംഗൽസ് പ്രസിദ്ധപ്പെടുത്തി. 'മൂലധന'ത്തിന്റെ നാലാം വാല്യം എഴുതാനാവശ്യമായ ഏതാനും കുറിപ്പുകൾ തയ്യാറാക്കാനേ മാർക്സിനു കഴിഞ്ഞുള്ളു. മനുഷ്യചിന്തയിലെ ഒരു നാഴികക്കല്ലായി എണ്ണപ്പെടുന്ന ഈ മഹാഗ്രന്ഥത്തിന്റെ ശതാബ്ദി, 1967–ൽ യുനെസ്കോ കൊണ്ടാടുകയുണ്ടായി. മുതലാളിത്തവ്യവസ്ഥിതിയുടെ ചരിത്രവും, ഈ വ്യവസ്ഥിതിക്കുള്ളിലെ വിരുദ്ധ ശക്തികളുടെ പ്രവർത്തന പ്രതിപ്രവർത്തനങ്ങളും, അവയുടെ ഫലമായി ഈ വ്യവസ്ഥിതിക്കു കൈവന്നിട്ടുള്ള ചലനാത്മകതയും, ഈ വ്യവസ്ഥിതി സ്വയം തകരുന്നതിന്റെ ഫലമായി രൂപംകൊള്ളുന്ന പുതിയ സോഷ്യലിസ്റ്റ് വ്യവസ്ഥിതിയുടെ രൂപരേഖയും ഈ ഗ്രന്ഥത്തിൽ വിസ്തൃതമായി ചിത്രീകരിക്കപ്പെട്ടിരിക്കുന്നു.

1864–ൽ ലണ്ടനിൽ പ്രവർത്തനമാരംഭിച്ച 'ഇൻറർ നാഷണൽ വർക്കിങ് മെൻസ് അസോസ്യേഷ'ന്റെ ആത്മാവ് മാർക്സ് ആയിരുന്നു. അദ്ദേഹമാണ് ഈ സംഘടനയ്ക്കു മാർഗനിർദേശകതത്ത്വങ്ങൾ രൂപവത്കരിച്ചതും, അതിന്റെ സമ്മേളനങ്ങൾ സംഘടിപ്പിച്ചതും. 'ഒന്നാം ഇൻറർനാഷണൽ' എന്നറിയപ്പെട്ടിരുന്ന ഈ സംഘടനയിൽ, പക്ഷേ, മാർക്സിസ്റ്റുകാർ ഒരു ന്യൂനപക്ഷമായിരുന്നു. അനാക്കിസ്റ്റുകളുമായുള്ള കലഹത്തിൽ ഈ സ്ഥാപനം തകർന്നുപോവുകയുംചെയ്തു. ബ്രിട്ടീഷ് ലേബർ പ്രസ്ഥാനത്തോട് മാർക്സിനു ബന്ധമുണ്ടായിരുന്നില്ല. എങ്കിലും, ചില ബ്രിട്ടീഷ് തൊഴിലാളിപ്രവർത്തകർ ഇൻറർ നാഷണലിൽ മാർക്സിനെ പിന്തുണച്ചിരുന്നു. തന്റെ ജീവിതകാലത്ത് ജർമനിയിലും ഫ്രാൻസിലും മാർക്സിനു വലിയ സ്വാധീനമൊന്നും കൈവന്നില്ല. സാർ ഭരണത്തിൽ അമർന്ന റഷ്യ യൂറോപ്പിന്റെ എല്ലാ പുരോഗതിക്കും

എതിരാണെന്ന് മാർക്സ് കരുതി. ജർമനിയുടെ ഐക്യത്തിനുവേണ്ടി അദ്ദേഹം വാദിച്ചു. അമേരിക്കയുടെ ആഭ്യന്തരയുദ്ധത്തിൽ അദ്ദേഹം ലിങ്കൻെറ നേതൃത്വത്തിലുള്ള വടക്കരെ അനുകൂലിച്ചു. ബൂർഷ്വാ ലിബറലിസത്തെ വിമർശിച്ചെങ്കിലും മാർക്സ് സോഷ്യലിസ്റ്റ് ചിന്താഗതിക്കു ജന്മം നൽകിയ ലിബറൽ—ഹ്യൂമനിസ്റ്റ് പാരമ്പര്യത്തെ മാനിച്ചുപോന്നു.

1883—ൽ മാർക്സ് അന്തരിച്ചു. ലണ്ടനിലെ ഹൈഗേററ് ശ്മശാനത്തിൽ അദ്ദേഹത്തിൻെറ ഭൗതികാവശിഷ്ടങ്ങൾ അടക്കംചെയ്തു.

മാർക്സിൻെറ ജീവചരിത്രം സംക്ഷേപിക്കുന്നതുപോലെ എളുപ്പമല്ല, മനുഷ്യചിന്തയ്ക്കും മനുഷ്യപ്രവർത്തനത്തിനും മാർക്സ് നൽകിയ സംഭാവനകളെ വിലയിരുത്തുന്നതു്. ഇക്കാര്യത്തിൽ കടുത്ത അഭിപ്രായവ്യത്യാസം ഇപ്പോഴും നിലവിലുണ്ട്.

മാർക്സിസം മുഖ്യമായും ഒരു ചരിത്രദർശനമാണ്. ആഭ്യന്തരവൈരുദ്ധ്യങ്ങളുടെ ഫലമായി മുതലാളിത്തവ്യവസ്ഥ തകർന്നുപോകുമെന്നും, പിന്നീട് സോഷ്യലിസവും തുടർന്നു കമ്യൂണിസവും സ്ഥാപിക്കപ്പെടുമെന്നും ഈ ദർശനം സിദ്ധാന്തിക്കുന്നു. കമ്യൂണിസത്തിനു മുമ്പുള്ള ലോകചരിത്രം വർഗസമരങ്ങളുടെ ചരിത്രമാണ്. കമ്യൂണിസം ഒരു വർഗ്ഗരഹിതവ്യവസ്ഥിതിയാകുന്നു. ഈ വ്യവസ്ഥിതിയിൽ എല്ലാവരും കഴിവനുസരിച്ച് അദ്ധ്വാനിക്കും; എല്ലാവർക്കും ആവശ്യത്തിനനുസരിച്ചു പ്രതിഫലം ലഭിക്കും. ഇത്തരമൊരു വ്യവസ്ഥിതിയിൽ ഭരണകൂടം, നിയമവ്യവസ്ഥ, പണം മുതലായവയ്ക്കു പ്രസക്തി ഉണ്ടായിരിക്കയില്ല; ഭരണകൂടം ഉണങ്ങിപ്പൊടിഞ്ഞുപോകും.

മാർക്സിസത്തിൻെറ മുഖ്യ സവിശേഷതകളായി താഴെ ചേർത്ത ആറു കാര്യങ്ങൾ പലരും എടുത്തു കാണിച്ചിട്ടുണ്ട്:

1. പൂർവനിർണീതത. മുതലാളിത്തവ്യവസ്ഥിതി അനിവാര്യമായും തകരുമെന്നും, തൊഴിലാളിവർഗത്തിൻെറ വിജയം, രാത്രിക്കുശേഷം പകൽപോലെ, അനിവാര്യമെന്നും മാർക്സിസം സിദ്ധാന്തിക്കുന്നു.

2. ചരിത്രത്തിൻെറ ഭൗതികവ്യാഖ്യാനം. സാമ്പത്തികങ്ങളായ ഉല്പാദനപ്രക്രിയകളിലുണ്ടാകുന്ന മാററങ്ങളാണ്, സാമൂഹ്യമാററങ്ങൾക്കു കാരണമെന്ന് മാർക്സിസം സിദ്ധാന്തിക്കുന്നു. സാമ്പത്തികഘടനയും, സാമ്പത്തികബന്ധങ്ങളുമാണു സമൂഹത്തിൻെറ അടിത്തറ. ആശയങ്ങൾ, സ്ഥാപനങ്ങൾ, നിയമം, രാഷ്ട്രീയവ്യവസ്ഥിതി, മതങ്ങൾ, സാഹിത്യം, കലകൾ മുതലായവയെല്ലാം സമൂഹത്തിൻെറ 'ഉപരിഘടന'യാണ്. സാമ്പത്തികമായ അടിത്തറയിൽ മാററം വരുന്നതോടെ ഈ ഉപരിഘടനയിലാകെ മാററമുണ്ടാകുന്നു. സാമ്പത്തികമായ അടിത്തറയുടെ മാററത്തിനുള്ള മുഖ്യകാരണം, ടെക്നോളജിയിൽ (സാങ്കേതികവിദ്യയിൽ) വരുന്ന മാററമത്രെ. ടെക്നോളജിയിൽ വന്നുചേരുന്ന വികാസത്തിൻ ഫലമായി ഉല്പാദനഘടകങ്ങൾ കൂടുതൽ വലുതാവുന്നു; അവയിൽ ഏറിയതോതിൽ മൂലധനനിക്ഷേപവും തൊഴിലാളികളുടെ കേന്ദ്രീകരണവും സംഭവിക്കുന്നു. അതിനാൽ, തൊഴിൽസ്ഥാപനങ്ങളെ വ്യക്തികളുടെ നിയന്ത്രണത്തിൽനിന്നു സമൂഹത്തിൻെറ നിയന്ത്രണത്തിലേക്കു മാറേറണ്ടിവരുന്നു. ശാരീരികമായ അദ്ധ്വാനം കുറയ്ക്കുന്നതിനു യന്ത്രങ്ങൾ കൂടുതൽ സ്ഥാപിക്കേണ്ടിവരുമ്പോൾ ലാഭത്തിൻെറ അനുപാതം കുറയുന്നു. ഇതു വ്യവസായങ്ങളുടെ ദേശസാത്കരണത്തിലേക്കു നയിക്കുന്നു.

ഉല്പാദനോപകരണങ്ങളിൽ വന്നുചേരുന്ന മാററങ്ങൾക്കു സാമൂഹ്യപരിവർത്തനവുമായുള്ള ബന്ധം ചൂണ്ടിക്കാട്ടുകവഴി മാർക്സിസം സാമൂഹ്യചിന്തയെ യുക്ത്യധിഷ്ഠിതവും ശാസ്ത്രീയവുമാക്കുകയുണ്ടായി. സാമൂഹ്യശാസ്ത്രങ്ങൾക്കു മാർക്സിസം നൽകിയ മുഖ്യസംഭാവന ഇതാണെന്നു പലരും കരുതുന്നു.

3. ദ്വന്ദ്വാത്മകത. സമൂഹഘടനയ്ക്കകത്തു പഴയതും പുതിയതുമായ തത്ത്വങ്ങൾ തമ്മിൽ നടക്കുന്ന സംഘർഷമാണു ചരിത്രത്തിലെ പുരോഗതിയുടെ അടിസ്ഥാനമെന്നതത്രേ മാർക്സിസത്തിൻെറ മറെറാരു മുഖ്യ സിദ്ധാന്തം. അതിനാൽ, പരിമിതമായ തോതിലുള്ള പരിഷ്കരണങ്ങളിലൂടെ സമൂഹത്തിലെ സംഘർഷം തൽക്കാലം കുറയുന്നതു് പുരോഗതിയെ തടയാനേ ഉപകരിക്കൂ എന്നു് മാർക്സിസ്റ്റുകൾ കരുതുന്നു. പരിഷ്കരണമല്ല, വിപ്ലവമാണു് ആവശ്യം. ഇവിടെ വിപ്ലവമെന്നതുകൊണ്ടുദ്ദേശിക്കുന്നതു സമൂലമായ മാററമെന്നാണു്.

4. വർഗസമരം. സമൂഹത്തിലെ വ്യത്യസ്ത വർഗങ്ങൾക്കു് (ഉദാ. മുതലാളിമാരും തൊഴിലാളികളും) സമാനതാല്പര്യങ്ങളില്ല; വിരുദ്ധതാല്പര്യങ്ങളേയുള്ളു. അതിനാൽ, വിരുദ്ധ വർഗങ്ങൾക്കിടയിലുള്ള സമരത്തിനു് അതിരില്ല; അതു ജീവിതത്തിൻെറ എല്ലാ രംഗങ്ങളിലും വ്യാപിച്ചുനില്ക്കുന്നു. സമൂഹഘടനയിലെ അടിസ്ഥാനതത്ത്വങ്ങളെയാണു് ഓരോ വർഗവും പ്രതിനിധാനംചെയ്യുന്നതു്. ഉദാഹരണത്തിനു്, ഫ്യൂഡലിസത്തെ പ്രഭുക്കളും മുതലാളിത്തത്തെ വ്യവസായികളും സോഷ്യലിസത്തെ തൊഴിലാളികളും പ്രതിനിധാനംചെയ്യുന്നു. ജനാധിപത്യസമ്പ്രദായങ്ങളിലൂടെ വർഗസമരം ഫലപ്രദമായി നടത്തുക അസാദ്ധ്യമാണു്. 'വർഗസമരത്തിൽ ജയിക്കുന്ന വർഗം' തോൽക്കുന്ന വർഗത്തെ അടിച്ചമർത്തി, പഴയ സാമൂഹ്യക്രമം നിശ്ശേഷം തുടച്ചുമാററുകതന്നെ വേണം. വിപ്ലവത്തിനുശേഷം കമ്യൂണിസം സ്ഥാപിക്കപ്പെടുംമുമ്പുള്ള ഇടക്കാലത്തു് തൊഴിലാളിവർഗസർവാധിപത്യം അനിവാര്യമായിത്തീരുന്നതു് ഇക്കാരണത്താലാണു്.

മാർക്സിസ്റ്റു് വിചാരഗതിക്കകത്തു ജനാധിപത്യവിശ്വാസികളും വിപ്ളവവിശ്വാസികളും തമ്മിൽ നിരന്തരമായ സംഘർഷം നടന്നുവന്നിട്ടുണ്ടു്. ഡെമോക്രാററിക് സോഷ്യലിസ്റ്റുകളും കമ്യൂണിസ്റ്റുകളും തമ്മിലുള്ള വൈരുദ്ധ്യം ഇക്കഴിഞ്ഞ നൂററാണ്ടിലെ ലോകചരിത്രത്തിൻെറ ഒരു സവിശേഷതയാകുന്നു. യൂറോ കമ്യൂണിസമെന്ന പ്രതിഭാസത്തിൻെറ ഉത്ഭവത്തിനടിയിലുള്ളതും, പ്രധാനമായി ഈ വൈരുദ്ധ്യമത്രെ.

5. അദ്ധ്വാനമൂല്യസിദ്ധാന്തം (ലേബർ തിയറി ഓഫ് വാല്യൂ). ഒരു ചരക്കു്(വില്പനയ്ക്കുള്ള വസ്തു) നിർമിക്കാൻ ചെലവായ പ്രവൃത്തിസമയത്തെ ആസ്പദിച്ചിരിക്കും അതിൻെറ വില എന്നു, റിക്കാർഡോ എന്ന ബ്രിട്ടീഷ് ധനശാസ്ത്രജ്ഞൻെറ സിദ്ധാന്തം മാർക്സ് അംഗീകരിച്ചു. ഈ സിദ്ധാന്തത്തെ മാർക്സ് മനുഷ്യൻെറ അദ്ധ്വാനശക്തിയിലേക്കു വ്യാപിപ്പിച്ചു് അർത്ഥസമ്പുഷ്ടമാക്കി. മനുഷ്യൻെറ അദ്ധ്വാനശക്തിയും ഒരു ചരക്കാണു്. തൊഴിലാളിയുടെ ജീവൻ നിലനിർത്താനും, തൊഴിലാളിയെ പുനരുല്പാദിപ്പിച്ചു പരിശീലിപ്പിക്കാനും എത്ര പണം വേണമോ, അതാണു് അവൻെറ അദ്ധ്വാനത്തിൻെറ വില. പക്ഷേ, അദ്ധ്വാനം അതിൻെറ അങ്ങാടിവിലയേക്കാൾ കൂടുതൽ മൂല്യം ഉല്പാദിപ്പിക്കുന്നു. ഇതത്രെ മിച്ചമൂല്യം (സർപ്ളസ് വാല്യൂ). ലാഭം, വാടക, പലിശ മുതലായവയായി മാറുന്നതു് മിച്ചമൂല്യമാണു്. തൊഴിലാളിയുടെ അദ്ധ്വാനം ഉപയോഗപ്പെടുത്തി നിർമിക്കുന്ന ചരക്കിൻെറ വിലയേക്കാൾ ചുരുങ്ങിയ വിലയ്ക്കു തൊഴിലാളികളുടെ അദ്ധ്വാനം വാങ്ങുന്നതാണു് 'തൊഴിലാളിചൂഷണം'.

6. അന്യവത്കരണം. കൃഷകനും, മദ്ധ്യയുഗങ്ങളിൽ തൊഴിലാളിക്കും, തൻെറ തൊഴിലിനോടും തൊഴിലുപകരണങ്ങളോടും മമതാബന്ധം ഉണ്ടായിരുന്നു. അന്നു തൊഴിൽ ഒരു വരുമാനമാർഗം മാത്രമല്ല, ഒരു ജീവിതസമ്പ്രദായംകൂടിയായിരുന്നു. തൊഴിലിലൂടെ തൊഴിലാളി ആത്മാവിഷ്കരണം നേടിയിരുന്നു. മുതലാളിത്തവ്യവസ്ഥിതിയിൽ

തൊഴിലാളിക്ക് ഉപകരണങ്ങളിൽ മമതയില്ല; തൊഴിൽ ആത്മാവിഷ്കാരവുമല്ല. ഒരേ നിർമാണപ്രക്രിയയെ പല തുണ്ടുകളായി തിരിച്ച് ഓരോ തുണ്ടും ഓരോ തൊഴിലാളിയെക്കൊണ്ടു ചെയ്യിക്കുകയെന്ന 'വിശേഷവത്കരണ'ത്തിന്റെ ഫലമായി തൊഴിലാളിയിൽ 'അന്യതാബോധം' (ഏലിയനേഷൻ) വന്നുചേരുന്നു. കമ്യൂണിസ്റ്റ് വ്യവസ്ഥിതിയിൽ ഒരേ തൊഴിലാളിക്കു പല ജോലികൾ ചെയ്യാനും യാന്ത്രികമായ തൊഴിലിന്റെ ഏകതാനതയിൽനിന്നു രക്ഷപ്പെടാനും കഴിയും. ആട്ടോമേഷൻ, കൂടുതൽ ഒഴിവുസമയം മുതലായവ കമ്യൂണിസത്തിൽ അന്യവത്കരണത്തെ ഒഴിവാക്കും. അപ്പോൾ തൊഴിൽ ആനന്ദമായിത്തീരും.

മാർക്സിസ്റ്റ് ദർശനത്തിന്റെ മുഖ്യധാരയ്ക്ക് എംഗെൽസ്, ലെനിൻ, മാവോ സി ഡോങ് തുടങ്ങി പലരും ഗണ്യമായ സംഭാവനകൾ പില്കാലത്തു നൽകുകയുണ്ടായി. വിപ്ലവാചാര്യനെന്ന നിലയിലും ധനശാസ്ത്രജ്ഞനെന്ന നിലയിലും മനുഷ്യചിന്തയ്ക്കു മാർക്സ് നൽകിയ സംഭാവന ഇന്ന് സർവാംഗീകൃതമാണ്. സാമൂഹ്യശാസ്ത്രം, ചരിത്രം, ധനശാസ്ത്രം, തത്ത്വശാസ്ത്രം (ദർശനം) തുടങ്ങിയ വിജ്ഞാനശാഖകളിൽ പാണ്ഡിത്യം നേടുന്നതിനു മാർക്സിസത്തിൽ അവഗാഹം സമ്പാദിക്കേണ്ടതു് അത്യാവശ്യമായി ഇപ്പോൾ കരുതപ്പെടുന്നു. സാമൂഹ്യനീതിക്കുവേണ്ടി നിലകൊള്ളുന്ന തൊഴിലാളിപ്രസ്ഥാനങ്ങളെ മാർക്സിസം ശക്തിപ്പെടുത്തി; തൊഴിലാളികളുടെ ആത്മാഭിമാനവും ഉത്കർഷേച്ഛയും വളർത്തി; യന്ത്രയുഗവുമായി അവരെ പൊരുത്തപ്പെടുത്തി; തങ്ങൾക്കു നിർവഹിക്കാനുള്ള ഐതിഹാസിക കർത്തവ്യത്തെപ്പററിയുള്ള ബോധം ഉളവാക്കുകവഴി തൊഴിലാളികളുടെ വിപ്ലവവീര്യം ഉദ്ബുദ്ധമാക്കി; ഒരു പുതിയ ലോകവ്യവസ്ഥിതിയുടെ നിർമാണത്തിനു കളമൊരുക്കി. അതേസമയം, ലോകം ഇന്നോളം കണ്ടിട്ടുള്ളതിൽ ഏററവും കടുത്ത ചില ഏകാധിപത്യവ്യവസ്ഥിതികളെ താങ്ങിനിർത്താനും മാർക്സിസം, ശരിയായോ തെററായോ, ഉപയോഗിക്കപ്പെട്ടു. എത്രയോ കണ്ണുകളിലെ കണ്ണുനീർ തുടച്ച മാർക്സിസംതന്നെ എത്രയോ മുറിവുകളിൽനിന്നു ചോരയൊഴുകുന്നതിനും കാരണമായി.

മുതലാളിത്തസമൂഹത്തെസ്സംബന്ധിച്ച മാർക്സിസ്റ്റ് വിമർശനം, നൂറു വർഷംമുമ്പെന്നപോലെ ഇന്നും പ്രസക്തമാണ്. നാണ്യപ്പെരുപ്പം, വ്യവസായമാന്ദ്യം, ആയുധപ്പന്തയം മുതലായ ഇന്നത്തെ ആഗോളപ്രശ്നങ്ങൾ മനസ്സിലാക്കുന്നതിന് മാർക്സിസം പകർന്നുനൽകുന്ന വെളിച്ചം കുറച്ചൊന്നുമല്ല. ഇന്നത്തെ സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവുമായ തിന്മകൾക്കു പ്രതിവിധി കാണുന്നതിനു ലോകജനതയിലെ വലിയൊരു വിഭാഗം ഉററുനോക്കുന്നതു് മാർക്സിസത്തിലേക്കാണ്. പക്ഷേ, ലോക കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിൽ വളർന്നുവന്നിട്ടുള്ള ആഭ്യന്തരവൈരുദ്ധ്യങ്ങൾ നിമിത്തവും, മുതലാളിത്തത്തിന്റെ ഉല്പാദനപ്രക്രിയയിലും, ഉല്പന്നങ്ങൾ പങ്കിടുന്ന പ്രക്രിയയിലും വന്നുചേർന്നിട്ടുള്ളവയും ഇപ്പോഴും വന്നുകൊണ്ടിരിക്കുന്നവയുമായ പരിവർത്തനങ്ങൾ നിമിത്തവും, മുതലാളിത്തത്തിന്റെ ആയുസ്സ് നീളുന്നതായാണ് അനുഭവം. മുതലാളിത്തത്തിന്റെ സമ്പൂർണ്ണമായ തകർച്ചയോ, സർവ്വലോക കമ്യൂണിസത്തിന്റെ സ്ഥാപനമോ ആസന്നമായിരിക്കുന്നു എന്ന, മാർക്സിനുണ്ടായിരുന്ന, വിശ്വാസം ഇന്ന് മാർക്സിന്റെ അനുയായികളിൽത്തന്നെ മിക്കവർക്കുമില്ല.

എങ്കിലും, തന്റെ സുഹൃത്തിന്റെ ശവകുടീരത്തിനടുത്തു നിന്ന് എംഗെൽസ് പ്രഖ്യാപിച്ചതുപോലെ, മാർക്സിന്റെ പേരും അദ്ദേഹത്തിന്റെ കൃതികളും യുഗങ്ങളിലൂടെ നിലനില്ക്കുകതന്നെചെയ്യും.

(3 മാർച്ച്, 1983)